പ്രസിദ്ധീകരണത്തിന്

'സാമ്പിൾ സർവേയെക്കുറിച്ച് ആശങ്കകൾ അകന്നു' എന്ന എൻ.എസ്.എസ്സിന്റെ അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു എന്നുള്ള മുന്നാക്കവിഭാഗകമ്മീഷൻ അംഗങ്ങളുടെ പ്രസ്താവന തെറ്റിദ്ധരിപ്പിക്കൽ മാത്രമാണ് എന്ന് പറയേണ്ടിയിരിക്കുന്നു.

പ്രസ്തുത സാമ്പിൾ സർവേ, ഭരണഘടന വിഭാവനം ചെയ്യുന്ന മുന്നാക്കത്തിലെ പിന്നാക്കവിഭാഗത്തിന് നല്കുന്ന 10 ശതമാനം സംവരണത്തെയും ജസ്റ്റീസ് രാമകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടിലെ സമഗ്ര സർവെയ്ക്കുള്ള ശിപാർശയെയും ബാധിക്കുമോ എന്നതായിരുന്നു എൻ.എസ്.എസ്സിന്റെ ആശങ്ക. എന്നാൽ ഇതു രണ്ടിനെയും സാമ്പിൾ സർവേ ബാധിക്കില്ല എന്ന് സർക്കാരും കമ്മീഷനും കോടതിയിൽ വ്യക്തമാക്കിയതോടെ, അക്കാര്യത്തിലുള്ള ആശങ്ക അവസാനിച്ചു എന്നുതന്നെ പറയാം.

എന്നാൽ സാമ്പിൾ സർവേ സംബന്ധിച്ചിടത്തോളം, അത് അശാസ്ത്രീയവും മുൻകമ്മീഷന്റെ ശിപാർശകൾക്ക് വിരുദ്ധവും ആണെന്നുള്ള എൻ.എസ്.എസ്സിന്റെ നിലപാടിന് മാറ്റമില്ല.

പെരുന്ന
15.12.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി